പതിമൂന്നാം കേരളനിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1515

21.01.2014 - ലെ മറുപടിയ്ക്ക്

## പ്ലാൻ സ്പേയ്സ് സംവിധാനം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. സി.പി..മുഹമ്മദ്<br>" ഹൈബി ഈഡൻ<br>" വർക്കല കഹാർ<br>" പി.എ.മാധവൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാന ആസൂത്രണബോർഡിൽ പ്ലാൻ സ്പേയ്സ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുക, വികസനപദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന്, വിവിധ പദ്ധതികളുടെ ഘടകങ്ങൾ, അവയുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ, പദ്ധതികളുടെ സാമ്പത്തിക പുരോഗതി, ഭൗതിക നേട്ടങ്ങൾ എന്നിവ നിരീക്ഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (സി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ; | (സി) ഗവ. സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, നിർവ്വഹണ ഏജൻസികൾ എന്നിവർക്ക് വിവിധ വികസന പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സമയാസമയങ്ങളിൽ ഓൺലൈനായി രേഖപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്ലാൻ സ്പേസിൽ സൗകര്യം ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സംസ്ഥാന സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള, തിരുവനന്തപുരം പ്ലാൻ സ്പേസ് ഒരുക്കാനായി വേണ്ട സാങ്കേതിക സഹായം നൽകുന്നു. കൂടാതെ പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പു മേധാവികളും നിർവ്വഹണ ഏജൻസികളും പ്ലാൻ സ്പേസുമായി സഹകരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**